കോട്ടയം ജില്ലയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ

132 (1799) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) പുതിയ ഓരോ സബ്സ്റ്റേഷനുകളുടെയും പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൈക, രാമപുരം, കിടങ്ങൂർ, കടുത്തുരുത്തി, കല്ലറ, പുഞ്ച, മുൽക്കാൽ എന്നിവിടങ്ങളിലാണ് സ്ഥാപിക്കുവാനുദ്ദേശിക്കുന്നത്.

(സി) ഈ ബസ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ആർ. ഇ. സി.യുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രവർത്തനം രണ്ടു വർഷത്തിനകം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കടുത്തുരുത്തി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

133 (1800) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പെരുവ, കല്ലറ എന്നീ സ്ഥലങ്ങളിൽ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) നിവേദനത്തിന്മേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇതു സംബന്ധിച്ചുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കടുത്തുരുത്തി കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) ഇതു സംബന്ധിച്ച സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ പുതിയ വൈദ്യുതി നയത്തിന്റെ ഭാഗമായുള്ള ബോർഡിന്റെ പുനഃസംഘടനക്കുശേഷം മാത്രമേ പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച തീരുമാനം ബോർഡ് കൈക്കൊള്ളുകയുള്ളു.

സഹകരണമേഖലയിലെ പ്രാഥമിക സഹകരണ ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം

134 (1801) ശ്രീ. പി. രാഘവൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിലെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് ഇതര സഹകരണ സ്ഥാപനങ്ങൾ നടത്തി വരുന്ന എല്ലാവിധ ഇടപാടുകളും നടത്താനാവില്ല എന്നതു ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) എങ്കിൽ ഇതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി&ഡി) ദീർഘകാല വായ്പകൾ നൽകുന്ന ബാങ്കുകൾ സാധാരണ നിലയിലുള്ള ബാങ്കിംഗ് ബിസിനസ് നടത്തുവാൻ അനുവാദമില്ല. ആയതിനാൽ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്ക് മറ്റ് സഹകരണസ്ഥാപനങ്ങൾക്ക് നടത്താവുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനാവില്ല.

ഭരണസമിതി പിരിച്ചുവിട്ട സഹകരണ സ്ഥാപനങ്ങൾ

135 (1802) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly